AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
THIRUVANANTHAPURAM

# Press Release

PR . 44/2019 15.03.2019

## കയറ്റുമതി ലക്ഷ്യമിട്ടുള്ള പ്രത്യേക കർഷക കൂട്ടായ്മകൾ ശാക്തീകരിക്കണമെന്ന് അപേഡ (APEDA) ചെയർമാൻ

സംസ്ഥാനത്ത് കാർഷിക ഉത്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ കർഷകരെയും സംരംഭകരെയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി പ്രത്യേക കർഷക കൂട്ടായ്മകൾ രൂപീകരിക്കണമെന്ന് കാർഷികോത്പാദന കയറ്റുമതി പ്രോത്സാഹന ഏജൻസിയായ അപേഡ (APEDA) യുടെ ചെയർമാൻ പവൻ കെ. ബോർതാകുർ അഭിപ്രായപ്പെട്ടു. കാർഷികോത്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച വിവരങ്ങൾ ചർച്ച ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ആനയറയുള്ള സമേതിയിൽ അപേഡയിലെ ഉന്നതഉദ്യോഗസ്ഥർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കയറ്റുമതിക്കാർ എന്നിവർ പങ്കെടുത്ത യോഗത്തിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. കാർഷികോത്പാദന കമ്മീഷണറും അപേഡാ മുൻചെയർമാനുമായ ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ് എന്നിവർ ചർച്ചയ്ക്കു നേതൃത്വം നൽകി. കാർഷികോത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ യോഗം ചർച്ച ചെയ്തു.

ചക്കയുൾപ്പെടെയുള്ള കരളത്തിന്റെ തനത് ഉത്പന്നങ്ങൾക്ക് ലോകവിപണിയിൽ വൻ ഡിമാന്റുണ്ടാക്കാൻ സാധ്യതയുണ്ടെന്നും കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നും അപേഡാ ചെയർമാൻ സൂചിപ്പിച്ചു. ഓരോ രാജ്യങ്ങളും നിഷ്കർഷിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാര മാനദണ്ഡം വ്യത്യസ്തമായിരിക്കും. ഗുണമേന്മയുള്ള ജൈവഉത്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ മേഖലയിലെ പ്രധാന വെല്ലുവിളി. യൂറോപ്യൻ യൂണിയൻ രാജ്യങ്ങളിലും യു.എസിലും നിലനിന്നിരുന്ന കീടനാശിനി തളിച്ചുണ്ടാക്കുന്ന ഉത്പ്പന്നങ്ങളോടുള്ള വിമുഖത ഇന്ന് പല വികസിത രാജ്യങ്ങളിലും പ്രകടമാണ്. ഇതിനനുസൃതമായി ഉത്പാദനം ഉറപ്പുവരുത്താൻ കഴിയുന്ന പ്രാദേശിക കൂട്ടായ്മകളാണ് നമുക്കാവശ്യമെന്ന് അപേഡാ ചെയർമാൻ പറഞ്ഞു.

സുതാര്യത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള ഉത്പന്നങ്ങൾ എല്ലാ സമയത്തും ലഭ്യമാക്കുന്നതിനുമായി പ്രാദേശിക കർഷക കൂട്ടായ്മകളുടെ വിവരശേഖരം ഉണ്ടായിരിക്കുന്നത് അത്യാവശ്യമാണെന്ന് കാർഷികോത്പാദന കമ്മീഷണർ ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ്. അഭിപ്രായപ്പെട്ടു. സംസ്ഥാനത്ത് കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കർഷകരെ ഇതിനു പ്രാപ്തരാക്കുന്നതിന് സാങ്കേതികസഹായവും ഉപദേശവും നൽകുവാൻ കൃഷി വകുപ്പ് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുവാൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം അറിയിച്ചു. കൂടാതെ കാർഷിക സർവകലാശാലയുടെ കീഴിൽ 4 സ്ഥലങ്ങളിലായി കീടനാശിനി അവശിഷ്ടവീര്യം പരിശോധിക്കുന്നതിനായി ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. വെള്ളായണിയിലെ ലാബിന് മാത്രമാണ് നിലവിൽ എൻ.എ.ബി.എൽ അംഗീകാരമുള്ളത്. മറ്റുള്ള ലാബുകൾക്കും ഉടനെതന്നെ അംഗീകാരം ലഭിക്കുന്നതായിരിക്കും. കടൽമാർഗ്ഗമുള്ള കയറ്റുമതി കേരളം ഇനിയും വേണ്ടത്ര ഉപയോഗപ്പെടുത്താത്ത ഒന്നാണ്. ഇതിനായി പ്രത്യേക പ്രോട്ടോകോൾ രൂപപ്പെടുത്തും. കാർഷികോത്പന്നങ്ങളുടെ ഗുണമേന്മ ഇറക്കുമതി രാജ്യങ്ങളിൽ ഉറപ്പാക്കുന്നതിനായി ബാർകോഡിങ്ങ് അനുവർത്തിക്കുന്നത് ഉചിതമായിരിക്കും.

യോഗത്തിൽ അപേഡാ ഡെപ്യൂട്ടി ജനറൽ മാനേജർ ആർ. രവീന്ദ്ര, കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ്., കാർഷിക വികസന കർഷകക്ഷേമവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്., കൃഷി അഡീഷണൽ ഡയറക്ടർ ചന്ദ്രമതി പി.എസ്. എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**